# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 5631 — 02.11.2016 ൽ മറുപടിയ്ക്ക്

മീൻവല്ലം ടൂറിസം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ് : | | ശ്രീ.എ.സി.മൊയ്തീൻ [സഹകരണവും വിനോദസഞ്ചാരവും വകുപ്പമന്ത്രി] | |
| [എ] | പാലക്കാട് ജില്ലയിലെ മീൻവല്ലം ടൂറിസം പദ്ധതി നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | [എ] | ഉണ്ട്. ടി പദ്ധതിക്ക് 23.07.2013 ലെ ജി.ഒ (ആർ.റ്റി) 6121/2013/ടൂറിസം നമ്പർ ഉത്തരവ് പ്രകാരം വനം വകുപ്പിന്റെ അനുമതിക്ക വിധേയമായി 2.32 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഭരണാനുമതി ലഭിച്ചിട്ടും വനം വകുപ്പിന്റേയും ഇക്കോ-ടൂറിസം വകുപ്പിന്റെയും തടസ്സവാദങ്ങൾ മൂലം പ്രകൃതി രമണീയമായ ഈ പദ്ധതി നടപ്പിലാക്കാൻ കഴിയാതെ പോകുന്നത് നാടിന് വലിയ നഷ്ടമായി തീരുന്നതാണെന്ന വിവരം കണക്കിലെടുത്ത് പദ്ധതി ശാസ്ത്രീയമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) & (സി) | പദ്ധതി പ്രദേശം റിസർവ്വ് വനം മേഖലയായതിനാൽ വനം വകുപ്പിൽ നിന്നും ക്ലിയറൻസ് / പെർമിഷൻ ലഭിക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഈ പദ്ധതി നടത്തിപ്പിനാവശ്യമായ ഘടകങ്ങൾ ഉൾപ്പെടുത്തിയ പുതുക്കിയ പദ്ധതി നിർദ്ദേശങ്ങൾ വനം വകുപ്പിൽ നിന്നും ലഭ്യമായാൽ മാത്രമേ ഈ പദ്ധതിയുടെ തുടർനടപടികൾ കൈക്കൊള്ളുവാൻ ടൂറിസം വകുപ്പിന് കഴിയുകയുള്ളൂ. |
| (സി) | ഈ പദ്ധതിയുടെ നടപടിക്രമങ്ങളുടെ വിശദമായ വിവരങ്ങൾ നൽകുമോ? | | |

സെക്ഷൻ ഓഫീസർ